Dated : 30/08/2021

## ഗൃഹനാഥനെ ആക്രമിച്ച് വീട്ടമ്മയെ മാനഹാനി ചെയ്തയാൾ അറസ്റ്റിൽ


ഷാനവാസ് @ കപ്പാർ

കൊല്ലം : വീട്ടുമുറ്റത്ത് മദ്യപിച്ച് ബോധരഹിതനായ ആളെ കിടത്തിയതിനെ ചോദ്യം ചെയ്തതിന് ആക്രമണം നടത്തിയയാൾ പോലീസ് പിടിയിലായി. തഴുത്തല വില്ലേജിൽ മൈലാപ്പൂർ എ.കെ.എം എച്ച്.എച്ച്.എസിന് സമീപം പുന്നവിള വീട്ടിൽ മജീദ് മകൻ കപ്യാർ എന്നറിയപ്പെടുന്ന ഷാനവാസ്(46) ആണ് പോലീസ് പിടിയിലായത്. മദ്യപിച്ചയാളെ വീട്ട് വാതിൽക്കൽ കിടത്തിയതിന് ഇയാളെ ചോദ്യം ചെയ്ത ഗൃഹനാഥനായ നജിമുദ്ദീനെ ഇയാൾ ആക്രമിക്കുകയായിരുന്നു. തടസം പിടിച്ച ഗൃഹനാഥയെ തള്ളിമറിച്ചിട്ട് മര്യാദ ലംഘനം നടത്തി മാനഹാനി വരുത്തി. തുടർന്ന് വീട്ടിന്റെ ജന്നൽ ഗ്ലാസുകളും ഇയാൾ അടിച്ച് തകർത്തു. തുടർന്ന് ഇന്ന് രാവിലെ ഇയാൾ പലത്തറ ജംഗ്ഷന് സമീപം വച്ച് പോലീസിനെ കണ്ട് ഓടി രക്ഷപെടാൻ ശ്രമിക്കുന്ന സമയം പോലീസ് പിൻതുടർന്ന് പിടികൂടുകയായിരുന്നു. ഇയാളെ റിമാന്റ് ചെയ്തു. കൊട്ടിയം ഇൻസ്പെക്ടർ ജിംസ്റ്റൽ എം.സി എസ്സ്.ഐ മാരായ സുജീത്ത് ജി നായർ, പ്രവീൺ വി.പി, ഗിരീശൻ.ഡി, ജോയി, സി.പി.ഓ മാരായ വിഷ്ണു, അമൽ പ്രസാദ്, ജിത്തു എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

## ക്വാറന്റൈൻ ലംഘിച്ച തേവള്ളി സ്വദേശി അറസ്റ്റിൽ

കൊല്ലം : കോവിഡ് പകർച്ച വ്യാധി പിടിപെട്ട് ക്വാറന്റൈനിൽ കഴിയവേ സ്വൈര്യ സഞ്ചാരം നടത്തിയ തേവള്ളി സ്വദേശിയായ നാൽപ്പത്തിരണ്ട്കാരനെ കൊല്ലം വെസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തു. പോലീസ് നടത്തിയ ക്വാറന്റൈൻ പരിശോധനയിൽ ഇയാൾ വീട്ടിലില്ലായെന്ന് മനസിലാക്കി പിടികൂടുകയായിരുന്നു. പോലീസ് പിടികൂടിയ ഇയാളെ ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ ഡോമിസിലറി കെയർ സെന്ററിലേക്ക് മാറ്റി. ഇയാൾക്കെതിരെ പകർച്ചവ്യാധി പ്രതിരോധ നിയമ പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമ പ്രകാരവും കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു.